LIBRARY ARCHIVES Kerala Legislative Assembly

കൃഷിഭവനുകളിൽ തയ്യാറാക്കി സൂക്ഷിക്കേണ്ട ഡാറ്റകൾ

99 (5448) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ കൃഷിഭവനുകളിലും തങ്ങളുടെ മേഖലയിലുള്ള കൃഷിയിടങ്ങളുടെ കണക്കും അവിടെ കൃഷിചെയ്യുന്നതും കൃഷിചെയ്യാവുന്നതുമായ കാർഷിക ഇനങ്ങളുടെ വിവരങ്ങളും അപ്രകാരം കൃഷിചെയ്യുന്നതിനു വേണ്ടെ പ്രതീക്ഷിത ചെലവും കാലാകാലങ്ങൾ കൃഷിഭൂമിയായി നിലനിൽക്കുന്നതും നികത്തപ്പെടുന്നതുമായ ഭൂമിയുടെ വിവരങ്ങളും ഉൾപ്പെടെ കൃഷിയെ സഹായിക്കാവുന്ന എന്തെല്ലാം വിവരങ്ങളുടെ ശേഖരം സൂക്ഷിക്കുന്നുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം ഓരോ കൃഷി ഭവനുകളിലും തയ്യാറാക്കി സൂക്ഷിക്കേണ്ട ഡാറ്റകൾ സംബന്ധിച്ച് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം തയ്യാറാക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തുമുള്ള കർഷകരെ വിവരങ്ങൾ ധരിപ്പിക്കുന്നതിനും അവിടങ്ങളിലെ കൃഷിയുടെ പുരോഗതി വിലയിരുത്തുന്നതിനും സംവിധാനമുണ്ടോ എന്നു വ്യക്തമാക്കാമോ ;

(ഡി) ഓരോ കൃഷി ഭവനുകളിൽ നിന്നും കർഷകർ ആവശ്യപ്പെട്ടാൽ ഇപ്രകാരം കൃഷിചെയ്യുന്നതിന് സഹായകരമായ വിവരങ്ങൾ മേൽപറഞ്ഞ ഡാറ്റാ ബാങ്കിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൃഷിഭവനുകളിൽ വിവിധ വിളകളുടെ കൃഷി വിസ്തൃതി സംബന്ധിച്ച് അടിസ്ഥാന വിവരശേഖരം സൂക്ഷിച്ചുവരുന്നുണ്ട്. www.kisan.gov.in എന്ന കർഷക ഡേറ്റാബേസിൽ കർഷകരുടെ ഓൺലൈൻ ഡേറ്റാ എൻട്രി പൂർത്തിയായി വരുന്നു. കർഷകരുടെ കൃഷിഭൂമിയുടെയും കൃഷിയുടെയും വിവരങ്ങൾ, കർഷകന്റെ മേൽവിലാസം, ഫോൺ നമ്പർ എന്നിവ അടങ്ങിയ വിവരങ്ങളാണ് ഡാറ്റാബേസിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കർഷകരുടെ ആധാർ നമ്പർ, ഫോട്ടോ എന്നിവ കൂടി കർഷക ഡേറ്റാബേസിൽ ചേർക്കുന്നതിനും നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ വെബ്സൈറ്റായ www.keralaagriculture.gov.in-ലും www.karshikakeralam.gov.in എന്ന വെബ്സൈറ്റിലും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിവരങ്ങൾ ലഭ്യമാണ്.

(ബി) ഉണ്ട്.

(സി&ഡി) കർഷകർക്ക് വേണ്ട സമയത്ത് സാങ്കേതിക വിജ്ഞാനം പകരുന്നതിനും വിവരങ്ങൾ ധരിപ്പിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും കൃഷിഭവൻ ഉദ്യോഗസ്ഥർ പരിശ്രമിക്കുന്നുണ്ട്.

കൃഷി വകുപ്പിനായി വകയിരുത്തിയ തുകയുടെ വിനിയോഗം

100 (5449) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കൃഷി വകുപ്പിനായി വകയിരുത്തിയ തുകയെത്രയെന്നും പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കായി എത്ര വീതം വിനിയോഗിക്കാൻ തീരുമാനിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി 31-3-2015-വരെ വിനിയോഗിക്കപ്പെട്ട തുകയെത്രയെന്ന് വിശദമാക്കാമോ ;

(സി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ തുക ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കൃഷി വകുപ്പിൽ പദ്ധികൾക്കായി ആകെ 103898.78 ലക്ഷം രൂപയാണ് വകയിരുത്തിയത്. ഇതിൽ വിവിധ കേന്ദ്ര, സംസ്ഥാന പദ്ധതികൾക്കായി നീക്കിവച്ച തുകയും അവയുടെ വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. അഗ്രിമാൾ സ്ഥാപിക്കൽ, കർഷക ക്ഷേമ ബോർഡ്, കെ.എസ്.ഡബ്ല്യു.എച്ച്.സി., സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ എന്നീ പദ്ധതികൾക്കായി 2014-15-ലെ ബഡ്ജറ്റിൽ തുക നീക്കിവച്ചിരുന്നുവെങ്കിലും മതിയായ വിഭവ ലഭ്യതയുടെ അഭാവത്താൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാൻ സാധിച്ചില്ല.

കൃഷി ഓഫീസർമാരുടെ ഒഴിവുകളും കാർഷിക വിളകളുടെ നാശനഷ്ടവും

101 (5450)ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly